## ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം.

**(ഹാജർ: പി.അശോക് കുമാർ)**

വിഷയം:- ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - ശ്രീ.പ്രണബ്.ബി.എസ്, സീനിയർ ക്ലാർക്ക്, ശ്രീ.രഞ്ജിത്ത് ജോർജ്ജ്, എന്നിവർക്ക് സ്ഥലംമാറ്റം നൽകി - ഉത്തരവാകുന്നു.

പരാമർശം :-1 വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 16.02.2017 ലെ കത്ത്

2. കൊല്ലം അസി.ഡവലപ്മെന്റ് കമ്മീഷണർ(ജ) ന്റെ 16.02.2017 ലെ ഡി1-1223/05-ാം നമ്പർ ഉത്തരവ് .

**ഉത്തരവ് നം.22197/എസ്റ്റാ.സി.3/2016/സിആർഡി** **തീയതി: 17.02.2017**

സൂചന (1) പ്രകാരം വെട്ടിക്കവല ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസിലെ സീനിയർ ക്ലാർക്കായ ശ്രീ.പ്രണബ്.ബി.എസിനെതിരെ നടപടിസ്വീകരിക്കണമെന്നും ടി ഓഫീസിൽ നിന്നും സ്ഥലംമാറ്റണമെന്നും വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ താഴെപറയും വിധം സ്ഥലം മാറ്റം അനുവദിക്കുന്നതോടൊപ്പം സൂചന (2) പ്രകാരം കൊല്ലം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജ) ഇറക്കിയ ഉത്തരവ് റദ്ദാക്കികൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേരും തസ്തികയും | നിലവിൽ ജോലി ചെയ്യുന്ന ഓഫീസിന്റെ പേര് | സ്ഥലം മാറ്റി നിയമിക്കുന്ന ഓഫീസിന്റെ പേര് |
|---|---|---|---|
| 1 | ശ്രീ.പ്രണബ്.ബി.എസ് സീനിയർ ക്ലാർക്ക് | വെട്ടിക്കവല ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്, കൊല്ലം | പള്ളം ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്, കോട്ടയം |
| 2 | ശ്രീ.രഞ്ജിത്ത് ജോർജ്ജ് സീനിയർ ക്ലാർക്ക് | പള്ളം ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്, കോട്ടയം | വെട്ടിക്കവല ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്, കൊല്ലം |

ബന്ധപ്പെട്ട മേലധികാരികൾ ടി വ്യക്തികളെ എത്രയും വേഗം വിടുതൽ ചെയ്യേണ്ടതും ജോയിനിംഗ് റിപ്പോർട്ട് ഈ ഓഫീസിൽ അയച്ചുതരേണ്ടതും, കൊല്ലം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജ) ശ്രീ.പ്രണബിനെതിരായ പരാതിയിൻമേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്. ഒപ്പ്

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**

പകർപ്പ്;

1. അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, (ജന) കൊല്ലം, കോട്ടയം
2. ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ, പള്ളം, വെട്ടിക്കവല
3. ശ്രീ.പ്രണബ്.ബി.എസ്, ശ്രീ. രഞ്ജിത് ജോർജ്ജ്, (ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാർ മുഖേന)
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

ജൂനിയർ സൂപ്രണ്ട്

എസ്.എസ് 17.2.2016